രാജാകേശവദാസന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്ന നടപടി

39 (2914) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജാകേശവദാസന്റെ പൂർണ്ണകായ വെങ്കലപ്രതിമ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ആലപ്പുഴ രാജാകേശവദാസ സ്മാരക കമ്മിറ്റി സാംസ്ക്കാരിക വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി എടുത്തു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിച്ചുകൊടുത്ത ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ പ്രതിമ സ്ഥാപിക്കേണ്ട സ്ഥലത്ത് ശിലാസ്ഥാപനം നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ഇതിന്മേൽ ആലപ്പുഴ ജില്ലാകളക്ടറുടെ മറുപടി ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

കേളപ്പജിയുടെ ജന്മഗൃഹം

40 (2915) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കേരളഗാന്ധി' എന്നറിയപ്പെടുന്ന കേളപ്പജിയുടെ ജന്മഗൃഹം എവിടെയാണെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കുമോ ;

(ബി) ഇദ്ദേഹത്തിന്റെ ജന്മഗൃഹം സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജന്മഗൃഹം കൊയിലാണ്ടി താലൂക്കിൽ മാടാടി വില്ലേജിൽ മുചുകുന്ന് എന്ന സ്ഥലത്താണ്. ഇപ്പോൾ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നറിയുന്നു.

(ബി) തല്ക്കാലം പരിഗണനയിലില്ല.

സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം

41 (2916) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അച്ചടി വകുപ്പിനുകീഴിൽ എത്ര പ്രസ്സുകളാണ് നിലവിലുള്ളത് ;

(ബി) അവയിൽ പൂർണ്ണമായും ഓഫ്സെറ്റ് അച്ചടി നടത്തുവാൻ പര്യാപ്തമായ എത്ര പ്രസ്സുകളാണുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly